# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഡിസംബർ 5, ബുധൻ

**നമ്പർ 145**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

മഹാ പ്രളയത്തിന്റെ ഫലമായി വീടുകൾ തകർന്നവർക്കും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും കുട്ടനാട്ടിൽ കൃഷിനാശം സംഭവിച്ചവർക്കും അർഹമായ സഹായം നൽകാൻ കഴിയാത്തതുമൂലവും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്തംഭിച്ചതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് അനുസരിച്ചുള്ള പ്രമേയം ചർച്ചയ്ക്കെടുക്കുവാൻ മുഖ്യമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയത്തിന് അവതരണാനുമതി നൽകുന്നതായും പ്രമേയം ഉച്ചയ്ക്ക് ശേഷം ഒരു മണിക്ക് ചർച്ച ചെയ്യുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ കട്ടുവണ്ടി തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ആർ. രാമചന്ദ്രൻ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റ്റി. എ. അഹമ്മദ് കബീർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1758/2018 (i).

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | എറണാകുളത്ത് ജനവാസമേഖലകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. വിൻസെന്റ് | വർക്കലയിലെ രാകേഷിന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 3 | ശ്രീ. അനിൽ അക്കര | വടക്കാഞ്ചേരിയിൽ മുണ്ടകൻ കൃഷിക്കായി പീച്ചിയിൽ നിന്ന് കനാൽ വഴി വെള്ളം എത്തിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. സജി ചെറിയാൻ | വൃദ്ധജനങ്ങളുടെ സംരക്ഷണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഇടുക്കി ജില്ലാ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. പി. അനിൽ കുമാർ | പുളിക്കലിൽ പുതിയ ബാർ തുറന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 7 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമലയിലെ നിർദ്ദിഷ്ട ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സി. മമ്മൂട്ടി | തിരൂർ അമിനിറ്റി സെന്ററിന് കെട്ടിട നമ്പർ ലഭ്യമാക്കുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

ചട്ടം 236(5) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 | 5 |
| 1 | I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 45-50, 119 |
| | | 2017-18 | 2 | 13, 14, 16, 24, 25, 60, 69, 70, 76, 77, 78 |
| 2 | II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 5, 18 |
| | | 2013-14 | 3 | 3 |
| | | 2014-15 | 4 | 6, 13 |
| | | 2015-16 | 5 | 8 |
| | | 2017-18 | 2 | 3, 4, 5, 9, 11-21, 22, 23, 27 |
| 3 | III—ജലവിഭവം | 2014-15 | 4 | 37 |
| | | 2016-17 | 1 | 76 |
| 4 | IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 40 |
| | | 2014-15 | 4 | 60 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 2016 - 17 | 1 | 56 |
| | | 2017-18 | 2 | 1, 3, 4, 6, 7-14, 15-24, 25-28, 50, 51 |
| 5 | V—മരാമത്തും ഗതാഗതവും വാർത്താ വിനിമയവും | 2016-17 | 1 | 114, 119, 120-123, 127 |
| | | 2017-18 | 2 | 105, 112, 118, 119, 120 |
| 6 | VI—വിദ്യാഭ്യാസം | 2014-15 | 4 | 26, 27, 29, 30, 34, 36, 37, 38, 39, 41, 45, 70, 71 |
| | | 2017-18 | 2 | 31, 32, 33, 80 |
| 7 | VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2016-17 | 1 | 93, 95, 103 |
| | | 2017-18 | 2 | 3, 12, 13, 15, 16, 19, 24, 56, 57 |
| 8 | VIII—സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 18-20, 32-35 |
| 9 | IX—തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 20 |
| | | 2017-18 | 2 | 1, 2, 3, 4, 13-15, 21, 24, 25 |
| 10 | XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2015-16 | 5 | 28, 30 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 2015-16 (സബ്ജക്ട് കമ്മിറ്റി II-ഭൂനികുതിയും ദേവസ്വവും) | 5 | 27, 28, 29, 30, 33, 34 |
| 11 | XIII—സാമൂഹ്യ സേവനം | 2016-17 | 1 | 1, 3-6 |
| 12 | XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 16, 17, 26-29, 37-40 |
| | | 2016-17 | 1 | 27-39 |
| | | 2017-18 | 2 | 3, 4, 12, 14, 19, 20, 21, 23-30, 104, 105-113, 124-127 പൊതു ശിപാർശ 1, 2 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു:

(1) 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

(2) 2018-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപ്പത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ

(4) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

(1) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി), ബിൽ 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

ബില്ലുകൾ പരിഗണനയ്ക്ക് എടുക്കുന്നതിനെതിരെ ശ്രീ. എം. ഉമ്മർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് മന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ റൂളിംഗ് നൽകി.

ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, മഞ്ഞളാംകുഴി അലി, അനിൽ അക്കര, പി. ഉബൈദുള്ള എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. സ്വരാജ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പുരുഷൻ കടലുണ്ടിയും ബിൽ അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കാരാട്ട് റസാഖ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച് സംസാരിച്ചു.

(അടിയന്തരപ്രമേയത്തിന്റെ ചർച്ചയ്ക്കുശേഷം തുടരുന്നതിനായി നിയമനിർമ്മാണ കാര്യത്തിന്മേലുള്ള നടപടികൾ താല്ക്കാലികമായി നിർത്തിവച്ചു)

അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച:

'സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു' എന്ന പ്രമേയം ശ്രീ.വി.ഡി.സതീശൻ അവതരിപ്പിച്ചു സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. സി. കെ. നാണു

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ഒ. രാജഗോപാൽ

ശ്രീമതി യു. പ്രതിഭ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. പി. സി. ജോർജ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ഡോ. എം. കെ. മുനീർ

ശ്രീ. രാജു എബ്രഹാം

ശ്രീ. രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നല്കി. മറുപടി തൃപ്തികരമല്ലെന്നാരോപിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കുകയും തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു. അടിയന്തര പ്രമേയാവതാരകന്റെ അഭാവത്തിൽ പ്രമേയം സഭ തള്ളി.

നിയമനിർമ്മാണകാര്യം (തുടർച്ച):

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

I. 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(4)-ൽ, "മുനിസിപ്പാലിറ്റികളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

II. 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി )ബിൽ

രണ്ടാം വകുപ്പ്

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, "പഞ്ചായത്തുകളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

III. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജയിംസ് മാത്യുവും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ആർ. രാമചന്ദ്രനും അവതരിപ്പിച്ചു സംസാരിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

നാലാം വകുപ്പ്

In the proviso proposed to be added to section 20 of the principal Act by Clause 4 (ii), the words "women employee" shall be substituted with the words " women employees".

അഞ്ചാം വകുപ്പ്

In section 21 B proposed to be inserted in the principal Act by Clause 5, for the word "Workers" the word "employees" shall be substituted.

ആറാം വകുപ്പ്

(i) In the proviso proposed to be inserted to section 29 (IA) in the principal Act by Clause 6(2), for the word, "worker" the word "employee" shall be substituted.

(ii) In the proviso proposed to be substituted to section 29(2) of the principal Act by Clause 6(3) for the word "worker" the word "employee" shall be substituted.

ഏഴാം വകുപ്പ്

In the second proviso proposed to be added to section 30 of the principal Act by Clause 7, after the words "a hardcopy of such" insert the words "registers and".

2018 ഡിസംബർ 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.56-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, December 5, 2018*

**No. 145**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Two questions in the list of questions posted for the day were answered orally.

*Adjournment Motion :*

The Speaker informed the house that Shri V. D. Satheesan and three other Members had given notice for moving an adjournment motion regarding the serious situation reported to have arisen consequent to the failure in providing adequate relief to those who lost their houses and house hold instruments and livelyhood and to those who lost their crops in Kuttanad during the flood havoc and the stagnation in relief operations. As The Chief Minister expressed willingness to discuss on the motion the Speaker granted permission to moving of the adjournment motion and announced that the motion would be taken up for discussion at 1 p.m. for two hours.

*Calling Attention :*

1. Shri R. Ramachandran called the attention of the Minister for Fisheries Harbour Engineering and Cashew Industry to the necessity to solve the various issues being faced by the Cashew workers in the State. The Minister made a statement thereto.

2. Shri T. A. Ahammed Kabeer called the attention of the Chief Minister to the necessity to implement reservation in the second and third streams of the Kerala Administrative Service, proposed to be implemented in the State. The Chief Minister made a state thereto.

KNPP. 1758/2018(ii).

*Matters raised by Members under Rule 304:*

The Matters raised in the house by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | എറണാകുളത്ത് ജനവാസമേഖലകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. വിൻസെന്റ് | വർക്കലയിലെ രാകേഷിന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 3 | ശ്രീ. അനിൽ അക്കര | വടക്കാഞ്ചേരിയിൽ മുണ്ടകൻ കൃഷിക്കായി പീച്ചിയിൽ നിന്ന് കനാൽ വഴി വെള്ളം എത്തിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. സജി ചെറിയാൻ | വൃദ്ധജനങ്ങളുടെ സംരക്ഷണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഇടുക്കി ജില്ലാ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. പി. അനിൽ കുമാർ | പുളിക്കലിൽ പുതിയ ബാർ തുറന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 7 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമലയിലെ നിർദ്ദിഷ്ട ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സി. മമ്മൂട്ടി | തിരൂർ അമിനിറ്റി സെന്ററിന് കെട്ടിട നമ്പർ ലഭ്യമാക്കുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the Table:

*As per rule 236(5):*

| ക്രമ നമ്പർ | സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 | 5 |
| 1 | I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 45-50, 119 |
| | | 2017-18 | 2 | 13, 14, 16, 24, 25, 60, 69, 70, 76, 77, 78 |
| 2 | II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 5, 18 |
| | | 2013-14 | 3 | 3 |
| | | 2014-15 | 4 | 6, 13 |
| | | 2015-16 | 5 | 8 |
| | | 2017-18 | 2 | 3, 4, 5, 9, 11-21, 22, 23, 27 |
| 3 | III—ജലവിഭവം | 2014-15 | 4 | 37 |
| | | 2016-17 | 1 | 76 |
| 4 | IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 40 |
| | | 2014-15 | 4 | 60 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 2016 - 17 | 1 | 56 |
| | | 2017-18 | 2 | 1, 3, 4, 6, 7-14, 15-24, 25-28, 50, 51 |
| 5 | V—മരാമത്തും ഗതാഗതവും വാർത്താ വിനിമയവും | 2016-17 | 1 | 114, 119, 120-123, 127 |
| | | 2017-18 | 2 | 105, 112, 118, 119, 120 |
| 6 | VI—വിദ്യാഭ്യാസം | 2014-15 | 4 | 26, 27, 29, 30, 34, 36, 37, 38, 39, 41, 45, 70, 71 |
| | | 2017-18 | 2 | 31, 32, 33, 80 |
| 7 | VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2016-17 | 1 | 93, 95, 103 |
| | | 2017-18 | 2 | 3, 12, 13, 15, 16, 19, 24, 56, 57 |
| 8 | VIII—സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 18-20, 32-35 |
| 9 | IX—തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 20 |
| | | 2017-18 | 2 | 1, 2, 3, 4, 13-15, 21, 24, 25 |
| 10 | XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2015-16 | 5 | 28, 30 |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | 2015-16 (സബ്ജക്ട് കമ്മിറ്റി II-ഭൂനികുതിയും ദേവസ്വവും) | 5 | 27, 28, 29, 30, 33, 34 |
| 11 | XIII—സാമൂഹ്യ സേവനം | 2016-17 | 1 | 1, 3-6 |
| 12 | XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 16, 17, 26-29, 37-40 |
| | | 2016-17 | 1 | 27-39 |
| | | 2017-18 | 2 | 3, 4, 12, 14, 19, 20, 21, 23-30, 104, 105-113, 124-127 പൊതു ശിപാർശ 1, 2 |

*Presentation of Reports:*

The following reports were presented:

1. The report of the Subject Committee VI on the Kerala Sports (Amendment ) Bill 2018.

2. The report of the Subject Committee VIII on the Kerala Goods and Services Tax (Amendment) Bill, 2018.

3. The Thirty Second to Forty First reports of the Committee on Public Accounts.

4. The Second report of the Committee on the Welfare on Senior Citizens.

*Legislative Business:*

Motion for consideration and further stages of the following Bills as reported by the Subject Committee:

Shri A. C. Moideen, Minister for Local Self Governments moved the motion that the Kerala Municipality (Third Amendment) Bill, 2018 and the Kerala Panchayat Raj (Third Amendment) Bill, 2018, as reported by the Subject Committee, be taken up for consideration.

The Speaker overruled the objection raised by Shri M. Ummer against the consideration of the Bills, after hearing the Minister.

Shri K. S. Sabarinadhan, Shri Manjalamkuzhi Ali, Shri Anil Akkara and Shri P. Ubaidulla who had recorded their notes of dissent to the reports of the Subject Committee also spoke.

Shri Purushan Kadalundi, as authorised by Shri M. Swaraj moved an amendment to circulate the Kerala Municipality (Third Amendment) Bill, 2018 as reported by the Subject Committee for eliciting public opinion and Shri E. K. Vijayan, as authorised by Shri V. R. Sunil Kumar, moved another amendment to recommit the bill to the same Subject Committee and spoke.

Smt. U. Prathibha, as authorised by Shri Karat Razak, moved an amendment to circulate the Kerala Panchayat Raj (Third Amendment) Bill, 2018 as reported by the Subject Committee for eliciting public opinion and spoke.

(The Legislative Business was temporarily stopped to be continued after the discussion on Adjournment Motion).

*Adjournment Motion:*

Shri V. D. Satheesan moved the following motion and spoke

'The House do now adjourn'.

The following Members took part in the discussion:

Shri Saji Cherian

Shri V. K. Ebrahim Kunju

Shri Anwar Sadath

Shri C. K. Nanu

Shri Roshy Augustine

Shri Anoop Jacob

Shri O. Rajagopal

Smt U. Prathibha

Shri Roji M. John

Shri K. N. A. Khader

Shri P. C. George

Shri Mullakkara Retnakaran

Shri I. C. Balakrishnan

Dr. M. K. Muneer

Shri Raju Abraham

Shri Remesh Chennithala, Leader of Opposition.

Shri Pinarayi Vijayan, Chief Minister replied to the points raised during the discussion.

(The Members belonging to the opposition shouted slogans in protest against the reply by the Chief Minister and boycotted the rest of the proceedings)

In the absence of the mover of the Adjournment Motion, the motion was declared lost.

*Legislative Business (continuation):*

After the reply by the Minister for Local Self Governments the amendments moved was withdrawn by the leave of the House. Then the motion was adopted and the bills were taken up for clause by clause consideration and passed with the following amendments.

I. The Kerala Municipality (Third Amendment) Bill, 2018 :

*Clause 2*

ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(4)-ൽ, "മുനിസിപ്പാലിറ്റികളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

II. The Kerala Panchayat Raj (Third Amendment) Bill, 2018 :

*Clause 2*

ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, "പഞ്ചായത്തുകളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

III. The Kerala Shops and Commercial Establishments (Amendment) Bill, 2018 :

Shri T. P. Ramakrishnan, Minister for Labour and Excise moved the motion that the Kerala Shops and Commercial Establishments (Amendment) Bill, 2018 as reported by the Subject Committee be taken up for consideration.

Shri James Mathew moved an amendment to circulate the Kerala Shops and Commercial Establishments (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Shri R. Ramachandran moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Labour and Excise the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendments.

*Clause 4*

In the proviso proposed to be added to section 20 of the principal Act by Clause 4 (ii), the words "women employee" shall be substituted with the words "women employees".

*Clause 5*

In section 21 B proposed to be inserted in the principal Act by clause 5, for the word "Workers " the word "employees" shall be substituted.

*Clause 6*

(i) In the proviso proposed to be inserted to section 29 (IA) in the principal Act by Clause 6(2), for the word, "worker" the word "employee" shall be substituted.

(ii) In the proviso proposed to be substituted to section 29(2) of the principal Act by Clause 6(3) for the word "worker" the word "employee" shall be substituted.

*Clause 7*

In the second proviso proposed to be added to section 30 of the principal Act by Clause 7, after the words "a hardcopy of such" insert the words "registers and".

The House adjourned at 4.56 p.m. to meet again at 9.00 a.m. on Thursday, December 6, 2018.

V. K. BABU PRAKASH,
*Secretary.*